# KESRU

## കേരള സർക്കാർ

സംഗ്രഹം

(കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി-1999) - (കെസ്റു-1999) എന്ന പുതിയ സ്വയംതൊഴിൽ സഹായ പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും(എച്ച്)വകുപ്പ്

ജി.ഒ(പി)നമ്പർ 40/99/തൊഴിൽ, തിരുവനന്തപുരം, 1999 മാർച്ച് 30

---

പരാമർശം:- 1. ജി.ഒ.(പി) നമ്പർ.40/82/തൊഴിൽ, തീയതി 12.11.1982
2. ജി.ഒ.(പി) 20/86/തൊഴിൽ, തീയതി 25.04.1986
3. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 02.12.1998 ലെ ക്യു4/15143/98 നമ്പർ കത്ത്.

## ഉത്തരവ്

ഈ ഉത്തരവിനോടനുബന്ധമായി ചേർത്തിരിക്കുന്ന "കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി-1999" (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്ട്രേഡ് അൺ എംപ്ലോയ്ഡ് 1999)- ("കെസ്റു 1999") എന്ന പുതിയ സ്വയംതൊഴിൽ സഹായ പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിനാവശ്യമായ തുക 1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**

**എം.മോഹൻകുമാർ**
**ചീഫ് സെക്രട്ടറി**

## അനുബന്ധം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി 1999 (കെസ്റു-1999)

### 1.ശീർഷകം-വ്യാപ്തി-ബാധകം

(എ) ഈ പദ്ധതി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി 1999 (കെസ്റു 1999) എന്നറിയപ്പെടുന്നു.

## കുറിപ്പ്

1. ജോലി ഉള്ളവരുടെയും മറ്റു വ്യക്തിഗത വരുമാനമുള്ളവരുടെയും പ്രതിമാസവരുമാനം 500 രൂപയിൽ താഴെയാണെങ്കിൽ അവർക്കും അർഹതയുണ്ടായിരിക്കും.
2. ഈ പദ്ധതിയിൻ കീഴിൽ ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതല്ല.
3. ഈ പദ്ധതിയിൽ കീഴിൽ ധനസഹായം ലഭിക്കുന്നവരുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സുഷുപ്താവസ്ഥയിലേക്ക് മാറ്റുന്നതാണ്.

## 4. നടപ്പാക്കുന്ന ധനകാര്യസ്ഥാപനങ്ങൾ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിലുള്ള ദേശസാൽകൃത/ഷെഡ്യുൾഡ് ബാങ്കുകൾ, സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകൾ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, മറ്റ് പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവ മുഖേന ഈ പദ്ധതിയിൻ കീഴിൽ വായ്പ ലഭ്യമാക്കുന്നതാണ്.

## 5. പരമാവധി വായ്പ തുകയും സീഡ് മണിയും മറ്റും

1. ഈ പദ്ധതിയിൻ കീഴിൽ ഓരോരുത്തരും സമർപ്പിക്കുന്ന പ്രോജക്റ്റുകൾക്കനുസരിച്ച് ആവശ്യമായ തുകയും വ്യത്യാസപ്പെടുന്നതാണ്. സാധാരണ ഗതിയിൽ ടി തുക 30000/- രൂപയായി പരിമിതപ്പെടുത്തുന്നതും ആവശ്യമെങ്കിൽ 50000/- രൂപ വരെ ആകാവുന്നതുമാണ്. പ്രോജക്ടുകളെ സംബന്ധിച്ച വിശദാംശങ്ങൾ എംപ്ലോയ്മെന്റ് ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്. (6-ാം വ്യവസ്ഥ കാണുക.)
2. ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിക്കുന്ന പ്രോജക്ടിന് ആവശ്യമായ തുകയുടെ 15 ശതമാനം അതാത് ധനകാര്യസ്ഥാപനങ്ങൾ വഴി സർക്കാർ സീഡ് മണി ഗ്രാന്റായി നൽകുന്നതാണ്.
3. മേപറഞ്ഞ 15 ശതമാനം ഗ്രാന്റിനു പുറമേ ധനകാര്യ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന 5 ശതമാനത്തിന് മേലുള്ള പലിശയിന്മേൽ പരമാവധി 5 ശതമാനം പലിശ സബ്സിഡിയായി അനുവദിക്കുന്നതാണ്. ഉദാഹരണത്തിന് അഞ്ച് ശതമാനമോ അതിൽ കുറവോ പലിശ നിരക്കിൽ വായ്പ അനുവദിച്ചാൽ പലിശ സബ്സിഡി ഉണ്ടായിരിക്കുന്നതല്ല. പലിശ എട്ട് ശതമാനം ആണെങ്കിൽ മൂന്ന് ശതമാനം പലിശ സബ്സിഡി അനുവദിക്കാവുന്നതാണ്. പലിശ 12 ശതമാനം ആണെങ്കിൽ പലിശ സബ്സിഡി അഞ്ച് ശതമാനം മാത്രമായിരിക്കും. പിഴ പലിശ സബ്സിഡി കണക്കാക്കുന്നതിന് പരിഗണിക്കുന്നതല്ല.

## 10. സ്വയംതൊഴിൽ പദ്ധതിയ്ക്കായുള്ള കമ്മിറ്റി

(എ) ഈ പദ്ധതി നടപ്പിലാക്കുന്ന എല്ലാ ജില്ലാ/ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് അപേക്ഷ പരിഗണിച്ച് അർഹമായ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നതിന് ഒരു ജില്ലാതല കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

**കമ്മിറ്റിയുടെ ഘടന ചുവടേ ചേർക്കുന്നു.**

ചെയർമാൻ:- പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്

മെമ്പർമാർ:- വ്യവസായ വകുപ്പ്, റവന്യു വകുപ്പ്, കൃഷി വകുപ്പ്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്(അതാത് പഞ്ചായത്തുകൾ നാമനിർദ്ദേശം ചെയ്തവർ) ഓരോ പ്രതിനിധികൾ

മെമ്പർസെക്രട്ടറി:എംപ്ലോയ്മെന്റ് ഓഫീസർ(സെൽഫ് എംപ്ലോയ്മെന്റ് അല്ലെങ്കിൽ എംപ്ലോയ്മെന്റ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും ഒരു ഓഫീസർ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ ഈ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നവ. കമ്മിറ്റി തന്നെ ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളിലേക്ക് അയച്ചുകൊടുക്കുന്നു. അപേക്ഷകൻ അനുയോജ്യനാണോ എന്നും സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പാക്കുവാൻ സാദ്ധ്യമായതാണോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കമ്മിറ്റി പരിശോധിക്കുന്നതും ആവശ്യമെങ്കിൽ പ്രോജക്ടിൽ മാറ്റം വരുത്തുന്നതുമാണ്. ഈ പദ്ധതി "കെസ്റു 99" സംബന്ധിച്ച ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് കമ്മിറ്റിക്ക് സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതാണ്. ഈ പദ്ധതിയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഉപദേശം നൽകുന്നതിനായി സ്വയം തൊഴിൽ പദ്ധതിക്കായുള്ള ഒരു സംസ്ഥാനതല കമ്മിറ്റി താഴെപറയുന്നവർ അംഗങ്ങളായി രൂപീകരിക്കുന്നതാണ്.

1. വകുപ്പുമന്ത്രി — ചെയർമാൻ
2. തൊഴിൽ വകുപ്പ് സെക്രട്ടറി — മെമ്പർ
3. ധനകാര്യവകുപ്പു കമ്മീഷണർ ആന്റ് സെക്രട്ടറി — മെമ്പർ
4. ആസൂത്രണ വകുപ്പ് സെക്രട്ടറി — മെമ്പർ
5. വ്യവസായവാണിജ്യവകുപ്പു സെക്രട്ടറി — മെമ്പർ
6. മാനേജിംഗ് ഡയറക്ടർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ — മെമ്പർ
7. മാനേജിംഗ് ഡയറക്ടർ, കേരള ഫിനാൻഷ്യൽ

12. **<u>ഒന്നിൽ കൂടുതൽ ഗുണഭോക്താക്കൾ ചേർന്നുള്ള സംയുക്ത സംരംഭങ്ങൾ</u>**

തൊഴിൽരഹിതരായ ഒന്നിലധികം വ്യക്തികൾ ചേർന്ന് സംയുക്ത സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഇപ്രകാരമുള്ള സംരംഭങ്ങൾ ആരംഭിക്കുമ്പോൾ അതിലുൾപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് (ഒരാൾക്ക് പരമാവധി 50000 രൂപ) പ്രോജക്ടിന് ആവശ്യമായ തുക നിശ്ചയിക്കാവുന്നതാണ്.

13. തുക തിരിച്ചു പിടിക്കുന്ന രീതി

ധനകാര്യ സ്ഥാപനങ്ങൾ അവയുടെ നിയമാവലി പ്രകാരം യുക്തമായ നടപടി സ്വീകരിച്ച് തിരിച്ചുകിട്ടേണ്ട തുക ഈടാക്കാവുന്നതാണ്.

14. "കെസ്റു 99" നടപ്പിലാവുന്നതോടെ നിലവിലുള്ള സ്വയം തൊഴിൽ പദ്ധതി പിൻവലിച്ചതായി കണക്കാക്കുന്നതാണ്.

## <u>കേരളത്തിലെ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി-കെസ്റു 99 നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ രേഖ</u>

1. ഇത് നടപ്പാക്കുന്നത് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ്.
2. ഓരോ വർഷവും മുൻകൂട്ടി അറിയിച്ച് ഇത് സംബന്ധിച്ച് അപേക്ഷാഫോറം ക്ഷണിയ്ക്കുന്നതാണ്.
3. അപേക്ഷാഫാറം വിതരണം ചെയ്യുന്നതിന് 20 ദിവസവും തിരിച്ചു ലഭിക്കുന്നതിന് അപേക്ഷ വിതരണം ചെയ്യുന്ന അവസാന തീയതി കഴിഞ്ഞ് 10 ദിവസവും അനുവദിക്കുന്നതാണ് (മൊത്തം 30 ദിവസം)
4. ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കും അപേക്ഷാ ഫാറം വിതരണം ചെയ്യുക. അപേക്ഷകർ നേരിട്ടു ഹാജരായി പൂരിപ്പിച്ച അപേക്ഷാ ഫാറം നൽകേണ്ടതാണ്. മറ്റു വിധത്തിൽ ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തിരികെ ലഭിക്കുമ്പോൾ ആയത് എല്ലാ അർത്ഥത്തിലും പൂർണ്ണമാണോ എന്ന് പരിശോധിച്ച ശേഷം മാത്രമേ എംപ്ലോയ്മെന്റ് ഓഫീസർ അപേക്ഷ സ്വീകരിക്കാവൂ. അതായത് അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിട്ടുണ്ടോ പ്രോജക്ടിന്റെ വിശദവിവരം ഉൾപ്പെടെയുള്ള അനുബന്ധങ്ങൾ ഉണ്ടോ, വില്ലേജ് ഓഫീസർ അപേക്ഷകന്റെ കുടുംബവാർഷികവരുമാനം അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നിവ പരിശോധിക്കണം. പരിശോധനയിൽ അപേക്ഷ പൂർണ്ണമാണെന്ന് ഉറപ്പായാൽ അപേക്ഷയുടെ അവസാനം കൊടുത്തിട്ടുള്ള കൈപ്പറ്റു രസീതിൽ എംപ്ലോയ്മെന്റ് ഓഫീസർ തീയതി സഹിതം ഒപ്പിട്ടു നൽകി അപേക്ഷ സ്വികരിക്കേണ്ടതാണ്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അതിനു ക്രമനമ്പർ നൽകേണ്ടതാണ്.

9. ജില്ലാതല സമിതി അംഗീകരിക്കുന്ന ലിസ്റ്റിൽ ലഭ്യമെങ്കിൽ 15%-ത്തോളം പട്ടികജാതി/ പട്ടികവർഗ്ഗ/ വികലാംഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തേണ്ടതാണ്.

10. അപേക്ഷ ധനകാര്യസ്ഥാപനത്തിൽ ലഭിച്ചു കഴിഞ്ഞാൽ 45 ദിവസത്തിനുള്ളിൽ ടി സ്ഥാപനം വായ്പ അനുവദിച്ച വിവരം ഗുണഭോക്താവിനേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും അറിയിക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ വായ്പ അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെങ്കിൽ കാരണം വിശദമാക്കി വിവരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസറെ അറിയിക്കേണ്ടതാണ്.

11. ലോൺ അനുവദിച്ച വിവരം ലഭിച്ച് 15 ദിവസത്തിനുള്ളിൽ 20 ശതമാനം സബ്സിഡി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ റിലീസ് ചെയ്ത് നൽകേണ്ടതാണ്. സർക്കാരിൽ നിന്ന് തുക അനുവദിക്കുമ്പോൾ ആയത് ബന്ധപ്പെട്ട ഡിവിഷണൽ/ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ പേരിൽ തുടങ്ങുന്ന റ്റി.പി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതും ആവശ്യാനുസരണം ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേക്ക് ചെക്ക് ആയി നൽകി വരവു വയ്ക്കേണ്ടതാണ്.

12. ഗുണഭോക്താവ് തുടങ്ങിയ സംരംഭത്തിന്റെ നടത്തിപ്പു സംബന്ധിച്ച വിലയിരുത്തലിലും റിക്കവറി നടത്തേണ്ട ആവശ്യം വരുന്നുവെങ്കിൽ അക്കാര്യത്തിലും എംപ്ലോയ്മെന്റ് ഓഫീസർമാർ ധനകാര്യസ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നതാണ്.

13. നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവിൽ നിന്നും സ്വയം തൊഴിൽ സഹായം ലഭിച്ചവർക്കും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ തുടങ്ങാൻ വായ്പ എടുത്തവർക്കും തൊഴിൽരഹിത വേതനം അനർഹമായി കൈപ്പറ്റി തിരിച്ചടയ്ക്കാതെ ശിക്ഷണനടപടികൾക്ക് വിധേയമായവർക്കും ഈ പദ്ധതിയിൻ കീഴിൽ സഹായത്തിനർഹതയില്ല.

14. സംയുക്ത സംരംഭങ്ങൾ തുടങ്ങുന്നവർ അപേക്ഷ പ്രത്യേകം തയ്യാറാക്കുകയും ആയത് ഒരുമിച്ച് എംപ്ലോയ്മെന്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്.

15. കെസ്റു പദ്ധതി പ്രകാരം പരമാവധി 50000/- രൂപ വരെയാണ് വായ്പ ലഭിക്കുന്നത്. സംയുക്ത സംരംഭങ്ങൾക്ക് ആളൊന്നിന് പരമാവധി 50000 രൂപ വീതം വായ്പ അനുവദിക്കാവുന്നതാണ്.

*************

# കെസ്റു 99 പദ്ധതി നടപ്പാക്കുന്നതെങ്ങിനെ

## അപേക്ഷ ക്ഷണിക്കൽ

ഓരോ സാമ്പത്തിക വർഷവും മുൻകൂട്ടി നിശ്ചയിക്കുന്നതനുസരിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ പ്രത്യേകം പുറപ്പെടുവിക്കുന്ന തീയതികളിൽ അപേക്ഷകൾ ക്ഷണിക്കുന്നതിന് 20 ദിവസവും അപേക്ഷകൾ തിരികെ സ്വീകരിക്കുന്നതിന്, അതിന് ശേഷം 10 ദിവസവും അനുവദിക്കുന്നതാണ്.

## അർഹത

1. വാർഷിക കുടുംബ വരുമാനം 24000/- രൂപയിൽ കൂടുവാൻ പാടില്ല. പ്രതിമാസ വ്യക്തിഗത വരുമാനം 500/- രൂപയിൽ താഴെ ആയിരിക്കണം.
2. അപേക്ഷിക്കുന്നയാളിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സാധുതയുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. (പ്രത്യേകിച്ച് സീനിയോറിറ്റി നിബന്ധനയൊന്നും ഈ പദ്ധതിക്ക് ബാധകമാക്കിയിട്ടില്ല)
3. പ്രായം 21-നും 40-നും മദ്ധ്യേ (വയസ് അപേക്ഷിക്കുന്ന തീയതി വച്ച് കണക്കാക്കാവുന്നതാണ്)
4. പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് നൽകുന്നു.
5. അപേക്ഷകൻ വിദ്യാർത്ഥിയായിരിക്കുവാൻ പാടില്ല. ആറുമാസത്തിൽ കുറവുള്ള കാലാവധിയുള്ള കോഴ്സുകളിൽ പഠിക്കുന്നവരേയും പാർട്ട് ടൈം കോഴ്സുകളിൽ പഠിക്കുന്നവരേയും വിദ്യാർത്ഥിയായി കണക്കാക്കുകയില്ല.
6. പ്രൊഫഷണൽ/എൻ.എ.സി/എൻ.റ്റി.സി കോഴ്സ് പാസായവർ/25 വയസ്സു കഴിഞ്ഞവർ/തൊഴിൽരഹിതവേതനം കൈപ്പറ്റുന്നവർ എന്നിവർക്ക് മുൻഗണനയുണ്ടായിരിക്കുന്നതാണ്.

## അപേക്ഷയുടെ പ്രാഥമിക പരിശോധന

അപേക്ഷയുടെ പ്രാഥമിക പരിശോധന നടത്തേണ്ടത് അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ്. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷൻ രേഖകളുമായി ഒത്തുനോക്കി ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്. കൂടാതെ വാർഷിക കുടുംബവരുമാനം, പ്രതിമാസ വ്യക്തിഗത വരുമാനം എന്നിവ നിശ്ചിത പരിധിയിൽ താഴെയാണോ എന്നിവയും പരിശോധിച്ച് അർഹത ഉള്ളവരുടേയും ഇല്ലാത്തവരുടേയും ലിസ്റ്റ് പ്രത്യേകം തയ്യാറാക്കേണ്ടതാണ്.

4.അപേക്ഷയുടെ വകുപ്പുതലത്തിലുള്ള അന്തിമ പരിശോധന

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രാഥമിക പരിശോധനയിൽ അപേക്ഷ നിരസിക്കുന്നവർക്ക് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് മുമ്പാകെ 30 ദിവസത്തിനുള്ളിൽ ആക്ഷേപം സമർപ്പിക്കാവുന്നതാണ്.

5.ജില്ലാതല സമിതിയുടെ അംഗീകാരം

മേൽപറഞ്ഞ കാര്യങ്ങൾ പൂർത്തിയാക്കിയ ശേഷം അർഹരായവരുടെ അപേക്ഷയും ലിസ്റ്റും ഇതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതലസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ജില്ലാതല സമിതി ഓരോ ബ്ലോക്കിന്റെ പരിധിയിൽ വരുന്ന ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തുമ്പോൾ അതാതു ബ്ലോക്കിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തിയാൽ മതിയാകും. സമിതി അംഗീകരിച്ച അപേക്ഷൾ 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുക്കേണ്ടതാണ്.

6. സബ്സിഡി നൽകുന്നത്

വായ്പ അനുവദിച്ചതായി ധനകാര്യസ്ഥാപനങ്ങൾ അറിയിക്കുന്ന മുറയ്ക്ക് വായ്പയുടെ 15% സബ്സിഡി അപേക്ഷകന്റെ ലോൺ അക്കൗണ്ടിലേക്ക് ചെക്കായി നൽകേണ്ടതാണ്. പലിശ സബ്സിഡി വർഷത്തിലൊരിക്കൽ നൽകേണ്ടതാണ്. യഥാസമയം വായ്പ തിരിച്ചടയ്ക്കുന്നുണ്ടെന്നും, തുടങ്ങിയ സംരംഭം നന്നായി പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള ധനകാര്യ സ്ഥാപന അധികാരികളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലോൺ അക്കൗണ്ടിലേക്ക് പലിശ സബ്സിഡി ചെക്കായി നൽകേണ്ടതാണ്.

7. പൊതുവായി അറിയേണ്ട/ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വായ്പ സംബന്ധിച്ച ജാമ്യവ്യവസ്ഥകൾ അതാതു ധനകാര്യസ്ഥാപനങ്ങൾ നിശ്ചയിക്കുന്നതാണ്. എങ്കിലും സബ്സിഡിയോടു കൂടിയ ഈ പദ്ധതി മുൻഗണനവായ്പ വിഭാഗത്തിൽപെടുമെന്നും 25000/- രൂപ വരെയുള്ള വായ്പകൾക്ക് ജാമ്യം ആവശ്യമില്ലായെന്നും അതിനു മുകളിലുള്ള വായ്പകൾക്ക് ധനകാര്യസ്ഥാപനങ്ങളുടെ നിബന്ധനകൾക്ക് അനുസരിച്ചുള്ള ജാമ്യം നൽകേണ്ടിവരുമെന്നും ഈ പദ്ധതി സംബന്ധിച്ച് ധനകാര്യസ്ഥാപനങ്ങളുമായി നടത്തിയ ചർച്ചയിൽ സൂചിപ്പിക്കുകയുണ്ടായി.
2. ആവശ്യമെങ്കിൽ പ്രോജക്ടിൽ മാറ്റം വരുത്തുവാൻ ജില്ലാതല സമിതിക്ക് അധികാരമുണ്ട്.
3. ഓരോ ജില്ലയിലും പ്രായോഗികമായി നടപ്പാക്കുവാൻ കഴിയുന്ന പദ്ധതികളുടെ ഒരു ലിസ്റ്റ് സ്വയം തൊഴിൽ പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും വ്യക്തികളുമായി ബന്ധപ്പെട്ട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത് ഫലപ്രദമായിരിക്കും.

ഈ പദ്ധതിയനുസരിച്ച് സ്വയം തൊഴിൽ കണ്ടെത്താനായി 13666 അപേക്ഷകളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ലഭിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 2600 |
| കൊല്ലം | 1377 |
| പത്തനംതിട്ട | 297 |
| ആലപ്പുഴ | 2191 |
| കോട്ടയം | 887 |
| ഇടുക്കി | 812 |
| എറണാകുളം | 1820 |
| തൃശ്ശൂർ | 808 |
| മലപ്പുറം | 518 |
| കോഴിക്കോട് | 871 |
| പാലക്കാട് | 844 |
| വയനാട് | 295 |
| കണ്ണൂർ | 129 |
| കാസർകോഡ് | 217 |
| | 13666 |

99-2000 ൽ 5000 പേർക്കും 2000-2001-ൽ 10000 പേർക്കും പദ്ധതിയിൻകീഴിൽ ധനസഹായം നൽകണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അപ്രകാരം 15000 പേർക്ക് സബ്സിഡി നൽകുന്നതിന് 12.75 കോടി രൂപ ആവശ്യമായി വരും എന്നാൽ ഈ ഇനത്തിൽ 2000-2001 ലെ ബജറ്റിൽ (2230-02-101-98-34) എൻ.പി ശീർഷകം) വകയിരുത്തിയിട്ടുള്ളത് ഒരു കോടി രൂപയാണ്. ഈ ഇനത്തിൽ 11.75 കോടി രൂപ കൂടി അധികമായി വേണ്ടി വരും.

20.06.2000 നു മുമ്പു ലഭിച്ച അപേക്ഷകളുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി 30.06.2000 നു മുമ്പ് ജില്ലാതലസമിതി വിളിച്ചു കൂട്ടി അർഹരായ അപേക്ഷകൾ സമിതിയുടെ പരിഗണനയ്ക്കായി

# കേരള സർക്കാർ

## സംഗ്രഹം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി-1999--(കെസ്റു-1999) – സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ (ആർ.റ്റി)3422/99/തൊഴിൽ. തിരുവനന്തപുരം, തീയതി: 18.10.1999.

---

പരാമർശം:- 1. ജി.ഒ (പി) നംപർ.40/99/തൊഴിൽ. തീയതി:30.03.1999.
2.എംപ്ലോയ്മെന്റ് ഡയറക്ടറുടെ 5.5.1999-ലെ ക്യൂ4/15143/98 നമ്പർ കത്ത്.

## ഉത്തരവ്

ഒന്നാം പരാമർശിത സർക്കാർ ഉത്തരവിന്റെ അനുബന്ധം 10-ാം ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരം കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി-99 (കെസ്റു-1999) സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഉപദേശം നൽകുന്നതിനായി താഴെ പറയുന്നവർ അംഗങ്ങളായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1. വകുപ്പ് മന്ത്രി | : | ചെയർമാൻ |
| 2. തൊഴിൽ വകുപ്പ് സെക്രട്ടറി | : | മെമ്പർ |
| 3. ധനകാര്യ വകുപ്പ് കമ്മീഷണർ ആന്റ് സെക്രട്ടറി | : | മെമ്പർ |
| 4. ആസൂത്രണ വകുപ്പ് സെക്രട്ടറി | : | മെമ്പർ |
| 5. വ്യവസായ വാണിജ്യ വകുപ്പ് സെക്രട്ടറി | : | മെമ്പർ |
| 6. മാനേജിംഗ് ഡയറക്ടർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | : | മെമ്പർ |
| 7. മാനേജിംഗ് ഡയറക്ടർ, കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ് | : | മെമ്പർ |

# കേരള സർക്കാർ

സംഗ്രഹം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയംതൊഴിൽ പദ്ധതി, 1999 (കെസ്റു-1999) ഭേദഗതികൾ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും പുനരധിവാസവും(എച്ച്)വകുപ്പ്**

ജി.ഒ(എം.എസ്)നമ്പർ 146/99/തൊഴിൽ, തിരുവനന്തപുരം, തീയതി 15.12.1999

---

പരാമർശം:- 1. *30.03.99 ലെ ജി.ഒ(പി) നമ്പർ 40/99/തൊഴിൽ*

2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 22.05.1999, 16.07.1999, 02.08.1999 തീയതികളിലെ ക്യു4/15143/99 നമ്പർ കത്തുകൾ.

3. 15.11.1999 -ൽ നടന്ന ചർച്ചയുടെ യോഗനടപടി കുറിപ്പ്.

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി 1999 (കെസ്റു-99) എന്ന പുതിയ സ്വയം തൊഴിൽ പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. പരാമർശം (2) ലെ കത്തുകൾ മുഖാന്തിരം ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി പ്രസ്തുത ഉത്തരവിൽ ചില ഭേദഗതികൾ കൂടി വരുത്തണമെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇത് വിശദമായി പരിശോധിക്കുകയും പരാമർശിത ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

1. ഓരോ ജില്ലയിലേയും ലീഡ് ബാങ്കിന്റെ പ്രതിനിധിയെ ജില്ലാതല സമിതിയിൽ ഉൾപ്പെടുത്തുന്നതാണ്. ജില്ലയിൽ, ഈ പദ്ധതിയിൻ കീഴിൽ കൂടുതൽ വായ്പ നൽകുന്ന ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികളെകൂടി പ്രത്യേകം ക്ഷണിതാക്കളായി ഉൾപ്പെടുത്തുന്നതാണ്. ജില്ലാതല സമിതി ഓരോ ബ്ലോക്കിന്റെ പരിധിയിൽ വരുന്ന ഗുണഭോക്താക്കളെ ഇന്റർവ്യൂ നടത്തുമ്പോൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതാണ്.
2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രാഥമിക പരിശോധനയിൽ അപേക്ഷ നിരസിക്കപ്പെടുന്നവർക്ക് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് മുമ്പാകെ 30 ദിവസത്തിനകം ആക്ഷേപം ബോധിപ്പിക്കാവുന്നതാണ്.
3. മാതൃഭാഷ എഴുതാനും വായിക്കാനും അറിയിക്കുന്നവർക്ക് മാത്രമേ ഈ പദ്ധതിയിൻ കീഴിൽ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളു.
4. സർക്കാർ സബ്സിഡിയായി നൽകുന്ന തുക ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ പേരിൽ ഇതിനായി തുടങ്ങുന്ന ടി.പി അക്കൗണ്ടിൽ നിക്ഷേപിച്ച് ഗുണഭോക്താവിന്റെ വായ്പ അക്കൗണ്ടിലേക്ക് ചെക്കായി മാറ്റി നൽകാവുന്നതാണ്.

2. ഈ ഉത്തരവിനോടനുബന്ധമായി ചേർത്തിട്ടുള്ളതും സ്വയംതൊഴിൽ പദ്ധതി സംബന്ധിച്ചുള്ള മാർഗ്ഗ രേഖയും ഗുണഭോക്താക്കൾ സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃകയും ഇതിനാൽ അംഗീകരിച്ച് ഉത്തരവാകുന്നു.

3. പദ്ധതി ഉടൻ നടപ്പിലാക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**

**കെ.ശിവാനന്ദൻ**
**ജോയിന്റ് സെക്രട്ടറി**

**മേലെഴുത്ത് ക്യു4/15143/98 തീയതി 21/12/99.**

**കേരള സർക്കാർ**

സംഗ്രഹം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി - 1999 (കെസ്റു '99) സംസ്ഥാന തല കമ്മിറ്റി - എംപ്ലോയ്മെന്റ് ഡയറക്ടറെ മെമ്പർ സെക്രട്ടറിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

**ജി.ഒ (ആർ.റ്റി) 3630/2000/തൊഴിൽ** **തിരുവനന്തപുരം, 20/10/2000**

================================================================================

പരാമർശം: 1. ജി.ഒ (പി)നമ്പർ 40/99/തൊഴിൽ തീയതി 30.03.1999
2. ജി.ഒ (ആർ.റ്റി) 3422/99/തൊഴിൽ തീയതി 18.10.1999

**<u>ഉത്തരവ്</u>**

പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം രൂപീകരിച്ച കെസ്റു-99 ന്റെ സംസ്ഥാന തല കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി എംപ്ലോയ്മെന്റ് ഡയറക്ടർ ആയിരിക്കുന്നതാണ്. എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ മെമ്പർ ആയി തുടരുന്നതാണ്.

പരാമർശം രണ്ടിലെ ഉത്തരവ് മേൽ പറഞ്ഞ പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ.സി.വി.ആനന്ദബോസ്**
**ഗവൺമെന്റ് സെക്രട്ടറി**

**<u>മേലെഴുത്ത് നമ്പർ യു.1 / 23144/2000 തീയതി 28.10.2000</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്ക് അയക്കുന്നു.

(ഒപ്പ്)
**എംപ്ലോയ്മെന്റ് ഡയറക്ടർക്കുവേണ്ടി**

# കേരള സർക്കാർ

## സംഗ്രഹം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയം തൊഴിൽ പദ്ധതി "കെസ്റു-99" നിലവിലുള്ള അപേക്ഷാഫാറത്തിൽ തന്നെ 31.12.2000 വരെ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ.(ആർ.റ്റി)നം.4248/2000/തൊഴിൽ. തീയതി, തിരുവനന്തപുരം 08/12/2000

---

പരാമർശം:- 1. ജി.ഒ(പി) നമ്പർ 40/99/തൊഴിൽ തീയതി 30.03.99

2. ജി.ഒ(എം.എസ്) നമ്പർ 146/99/തൊഴിൽ തീയതി 15.12.99

3. ജി.ഒ(ആർ.റ്റി) നമ്പർ 201/2000/തൊഴിൽ തീയതി 18.01.2000

4. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 09.11.2000, 29.11.2000 എന്നീ തീയതികളിലെ ക്യൂ1/23144/2000/ഡി.ഇ. നമ്പർ കത്തുകൾ.

## ഉത്തരവ്

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി (കെസ്റു-99) അനുസരിച്ച് അപേക്ഷ സമർപ്പിക്കുന്നതിന് 01.12.2000 മുതൽ 31.12.2000 വരെ നിലവിലുള്ള അപേക്ഷാഫോറത്തിൽ തന്നെ അപേക്ഷ സ്വീകരിക്കുന്നതിനും വായ്പ അനുവദിക്കപ്പെടുന്ന അപേക്ഷകരുടെ പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി അപേക്ഷയിൽ പതിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

ബേബി രാമൻ
അണ്ടർ സെക്രട്ടറി

**കീഴെഴുത്ത് നമ്പർ യു1/23144/2000 തീയതി:11.12.2000**

# കേരള സർക്കാർ

സംഗ്രഹം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയംതൊഴിൽ പദ്ധതി-1999 (കെസ്റു-1999) ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ(MS) നമ്പർ 11/2001/തൊഴിൽ, തീയതി തിരുവനന്തപുരം, 14.02.2001

---

പരാമർശം:- 1. ജി.ഒ(പി) നമ്പർ 40/99/തൊഴിൽ തീയതി 30.03.1999
2 .ജി.ഒ(എം.എസ്) നമ്പർ 146/99/തൊഴിൽ തീയതി 15.12.1999
3. ജി.ഒ(ആർ.റ്റി) നമ്പർ 201/2000/തൊഴിൽ തീയതി 18.01.2000
4. ജി.ഒ(ആർ.റ്റി) 4248/2000/തൊഴിൽ തീയതി 08.12.2000
5. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 04.02.2000, 21.07.2000, 17.08.2000, 25.08.2000 എന്നീ തീയതികളിലെ ക്യു4-15143/98 നമ്പർ കത്തുകളും 29.09.2000 ലെ ക്യു1-23144/2000 നമ്പർ അർദ്ധ ഔദ്യോഗിക കത്തും.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവിന്റെ അനുബന്ധം അഞ്ചാം ഖണ്ഡികയിൽ ഉപഖണ്ഡിക രണ്ടിൽ "15 ശതമാനം അതാത് ധനകാര്യസ്ഥാപനങ്ങൾ വഴി സർക്കാർ സീഡ് മണി ഗ്രാൻഡായി നൽകുന്നതാണ്" എന്നതിനുപകരം "ഇരുപത് ശതമാനം അതാത് ധനകാര്യ സ്ഥാപനങ്ങൾ വഴി സർക്കാർ സീഡ് മണി ഗ്രാന്റായി നൽകുന്നതാണ്" എന്ന് ഭേദഗതി ചെയ്തുകൊണ്ടും നിലവിലുള്ള ഉപഖണ്ഡിക മൂന്ന് റദ്ദു ചെയ്തു കൊണ്ടും പകരം "ഗുണഭോക്താവിന്റെ രക്ഷകർത്താക്കളിൽ ഒരാളെ അല്ലെങ്കിൽ ഭാര്യ/ഭർത്താവിനെ ഗ്യാരണ്ടിയർ ആക്കാവുന്നതാണ്" എന്ന് ഭേദഗതി വരുത്തികൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

പി.സുബൈദ ബീവി
ജോയിന്റ് സെക്രട്ടറി

# കേരള സർക്കാർ

സംഗ്രഹം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി-1999 (കെസ്റു-1999) സബ്സിഡി തുക വിതരണം ചെയ്യുന്നതിനാവശ്യമായ തുക ബില്ലെഴുതി ബന്ധപ്പെട്ട ധനകാര്യസ്ഥാപനത്തിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി നൽകുവാൻ നിർദ്ദേശം നൽകിയ എംപ്ലോയ്മെന്റ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും പുനരധിവാസവും(എച്ച്)വകുപ്പ്

ജി.ഒ(ആർ.റ്റി)നമ്പർ 3417/02/തൊഴിൽ തീയതി തിരുവനന്തപുരം, 11.11.2002

---

പരാമർശം:- 1. എംപ്ലോയ്മെന്റ് ഡയറക്ടറുടെ .21.03.2002 ലെ യു1/23144/2000/ഡിഇ നമ്പർ കത്ത്.

2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 20.05.2002 ലെയും 26.07.2002 ലെയും യു1/23144/2000/ഡിഇ നമ്പർ കത്തുകൾ.

## ഉത്തരവ്

പരാമർശം രണ്ടിലെ കത്തുകളിൽ ആവശ്യപ്പെട്ട പ്രകാരം കെസ്റു പദ്ധതിയ്ക്കു വേണ്ടിയുള്ള സബ്സിഡി തുക വിതരണം ചെയ്യുന്നതിനായി സാമ്പത്തിക വർഷം അവസാനിക്കാറായതിനാലും ടി.പി അക്കൗണ്ട് മരവിപ്പിച്ചിരിക്കുന്നതിനാലും ഓരോ ജില്ലയ്ക്കും ആവശ്യമായ തുക ബില്ലെഴുതി ബന്ധപ്പെട്ട ധനകാര്യസ്ഥാപനത്തിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി നൽകുവാൻ സൂചന ഒന്നിലെ കത്തുപ്രകാരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയ എംപ്ലോയ്മെന്റ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**

**എം.ചന്ദ്രിക**

**അണ്ടർ സെക്രട്ടറി**

# കേരള സർക്കാർ

## സംഗ്രഹം

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി (കെസ്റു) വായ്പ തുകയുടെ പരിധി 100000/- രൂപായാക്കി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ.(എം.എസ്) നം.64/2004/തൊഴിൽ തീയതി, തിരുവനന്തപുരം 17.11.04

---

പരാമർശം:-
1. 30.03.1999 ലെ ജി.ഒ (പി) നം 40/99/തൊഴിൽ
2. 18.10.1999 ലെ ജി.ഒ(ആർ.റ്റി) നം.3422/99/തൊഴിൽ
3. 15.12.1999 ലെ ജി.ഒ (എം.എസ്) നം.146/99/തൊഴിൽ
4. 20.10.2000 ലെ ജി.ഒ (ആർ.റ്റി) നം.3630/2000/തൊഴിൽ
5. 14.02.2001 ലെ ജി.ഒ. (എം.എസ്) നം.11/2001/തൊഴിൽ
6. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 10.09.2004, 17.9.04, 22.09.2004 എന്നീ തീയതികളിലെ യു1/44915/04/ഡിഇ നമ്പർ കത്തുകൾ

## ഉത്തരവ്

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി 1999 അഥവാ കെസ്റു 99 പദ്ധതി പ്രകാരം വായ്പ തുക 50000/- രൂപയിൽ നിന്നും 100000/- രൂപയാക്കി വർദ്ധിപ്പിച്ചു നൽകി പദ്ധതി കൂടുതൽ ഫലവത്താക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ 5-ാം ഖണ്ഡികയിലെ ഉപഖണ്ഡിക (1) താഴെപ്പറയുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഈ പദ്ധതിയിൻ കീഴിൽ ഓരോരുത്തരും സമർപ്പിക്കുന്ന പ്രോജക്ടുകൾ അനുസരിച്ച് ആവശ്യമായ തുകയും വ്യത്യാസപ്പെടുന്നതാണ്. ഈ പദ്ധതി പ്രകാരം നൽകുന്ന വായ്പ തുക 100000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) ആയി പരിമിതപ്പെടുത്തുന്നതാണ്. പ്രോജക്ടുകളെ സംബന്ധിച്ച വിശദാംശങ്ങൾ എംപ്ലോയ്മെന്റ് ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്. (6-ാം വ്യവസ്ഥ കാണുക) പരാമർശം (2) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകളിലെ ഭേദഗതികൾ നിലനിൽക്കുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻപ്രകാരം**

**സി.മോഹനൻ**

**അഡീഷണൽ സെക്രട്ടറി**

**ഗവൺമെന്റ് സെക്രട്ടറിക്കുവേണ്ടി**

**മേലെഴുത്ത് നം. U1/38230/04/ഡിഇ തീയതി 6.12.04**

അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, എംപ്ലോയ്മെന്റ് ബ്യൂറോകൾക്കും.

**കേരള സർക്കാർ**

സംഗ്രഹം

**കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി (കെസ്റു-1999)-യുടെ സമഗ്രവും, വിജയകരവുമായ നടത്തിപ്പിനു വേണ്ടി നിർദ്ദേശങ്ങൾ അംഗീകരിച്ച് പദ്ധതി ഭേദഗതി ചെയ്ത് ഉത്തരവു പുറപ്പെടുവിക്കുന്നു.**

---

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

ജി.ഒ(പി) നം.23/2008/തൊഴിൽ തിരുവനന്തപുരം, തീയതി, 29/01/2008.

---

പരാമർശം:- 1) ജി.ഒ(പി) നമ്പർ 40/99/തൊഴിൽ, തീയതി 30/03/1999.
2) എംപ്ലോയ്മെന്റ് ഡയറക്ടറുടെ 24/08/06, 08/06/07 എന്നീ തീയതികളിലെ 23230/06/ഡി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവിൻ പ്രകാരം "കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ-പദ്ധതി 1999" (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് - 1999 -' കെസ്റു 1999") എന്ന സ്വയം തൊഴിൽ സഹായ പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കെസ്റു പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് വേണ്ടി എംപ്ലോയ്മെന്റ് ഡയറക്ടർ ചില നിർദ്ദേശങ്ങൾ പരാമർശം രണ്ടിലെ കത്തുകൾ മുഖാന്തിരം സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെസ്റു പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിനു വേണ്ടി താഴെ പറയുന്ന ഭേദഗതികളോടു കൂടി പദ്ധതി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) കെസ്റു പദ്ധതിക്കുള്ള അപേക്ഷാഫോറം എല്ലാ പ്രവൃത്തി ദിവസങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

2) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 24,000 രൂപയിൽ നിന്നും 40,000 രൂപയായി ഉയർത്തുന്നു.

## കേരള സർക്കാർ

സംഗ്രഹം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി - 1999 (കെസ്റു '99) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ മൂന്ന് വർഷത്തെ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

**ജി.ഒ (പി)നമ്പർ**.43/08/**തൊഴിൽ** **തീയതി, തിരുവനന്തപുരം**, 01/03/2008

==========================================================================

പരാമർശം: 1. 30/03/1999 തീയതിയിലെ ജി.ഒ (പി)നമ്പർ 40/99/തൊഴിൽ
2.എംപ്ലോയ്മെന്റ് ഡയറക്ടറുടെ 07/03/2007 തീയതിയിലെ
യു.1-6670/07 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി 1999 (കെസ്റു-99) എന്ന സ്വയം തൊഴിൽ സഹായ പദ്ധതി അംഗീകരിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിൽ ഖണ്ഡിക 3(3) പ്രകാരം കെസ്റു പദ്ധതിയ്ക്ക് അപേക്ഷിക്കുവാനുള്ള ഉയർന്ന പ്രായപരിധി പട്ടികജാതി പട്ടികവർഗ്ഗ/വികലാംഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 45 വയസ്സും, ഒ.ബി.സി. ഉൾപ്പെടെയുള്ള മറ്റ് വിഭാഗങ്ങൾക്ക് 40 വയസ്സായും നിജപ്പെടുത്തിയിരുന്നു.

കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഉദ്യോഗത്തിന് പരിഗണിക്കുന്നതിന് ഒ.ബി.സി വിഭാഗത്തിന് മൂന്നു വർഷത്തെ വയസ്സിളവ് അനുവദിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കെസ്റു പദ്ധതി പ്രകാരം അപേക്ഷിക്കുന്ന ഒ.ബി.സി വിഭാഗത്തിലുള്ളവരുടെ കാര്യത്തിലും മൂന്നു വർഷത്തെ വയസ്സിളവ് അനുവദിച്ച് നൽകുവാൻ എംപ്ലോയ്മെന്റ് ഡയറക്ടർ പരാമർശം രണ്ടിലെ കത്ത് മുഖാന്തിരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെസ്റു സ്വയം തൊഴിൽ പദ്ധതിയിലേക്കപേക്ഷിക്കുന്ന ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ 3 വർഷത്തെ വയസ്സിളവ് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം ഒന്നിലെ ഉത്തരവ് ഖണ്ഡിക 3 (3) ഇതനുസരിച്ച് ഭേദഗതി വരുത്തിയിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**എൻ.സി.കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

**കേരള സർക്കാർ**
**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി (കെസ്റു-1999)- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

**സ.ഉ(പി)നം.**170/2016/**തൊഴിൽ** **തിരുവനന്തപുരം, തീയതി,**27/10/2016

================================================================================

**പരാമർശം :** 1) **സ.ഉ(പി) നം.**40/99/**തൊഴിൽ തീയതി** 30/3/1999.
2) **സ.ഉ(പി) നം.**23/2008/**തൊഴിൽ തീയതി** 29/1/2008.
3) **എംപ്ലോയ്മെന്റ് ഡയറക്ടറുടെ** 22/3/16 **ലെ യു**1-6/16/**ഡി.ഇ നമ്പർ കത്ത്.**

### ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവിൻപ്രകാരം "കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി 1999" (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് - *1999*- "കെസ്റു 1999") എന്ന സ്വയംതൊഴിൽ സഹായ പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി ദേദഗതി ചെയ്യുന്നതിലേക്കായി ചില നിർദ്ദേശങ്ങൾ പരാമർശം മൂന്നിലെ കത്ത് മുഖാന്തിരം എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.1999-ലെ കെസ്റു പദ്ധതി താഴെ പറയുന്ന ഭേദഗതികളോടുകൂടി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1) പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിരുന്ന അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 40,000/- രൂപ എന്നത് ഒരു ലക്ഷം (1,00,000/-) രൂപയാക്കി ഉയർത്തുന്നു.

2) പരാമർശം ഒന്ന് ഉത്തരവിലെ അനുബന്ധത്തിലെ ഖണ്ഡിക (3) " അർഹത" എന്ന ശീർഷകത്തിലെ ഇനം (5) ൽ "ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്" എന്ന വിവരം കൂടി ഉൾപ്പെടുത്തുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ടോംജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

**മേലെഴുത്ത് നമ്പർ യു1/6/2016/ഡി.ഇ തീയതി 2.11.2016**

**എല്ലാ സബ് ഓഫീസുകൾക്കും അറിവിലേയ്ക്കും ആവശ്യമായ തുടർ നടപടികൾക്കുമായി അയയ്ക്കുന്നു.**

(ഒപ്പ്)